# വനിതാ ശിശുവികസന ഡയറക്ടറുടെ നടപടിക്രമങ്ങൾ

(ഹാജർ: പ്രിയങ്ക ജി ഐ എസ് )

വിഷയം:- വനിത ശിശു വികസന വകുപ്പ് - അഡോളസെന്റ് ക്ലബ്ബുകളുടെ പുനരുജ്ജീവനം തെരഞ്ഞെടുത്ത അങ്കണവാടികൾക്ക് വൈഫൈ കണക്ഷൻ നൽകുന്നത് - ഫണ്ട് അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം: 1. സ.ഉ.(സാധാ) നം. 184/2022/വശിവിവ, തീയതി 28.04.2022

## ഉത്തരവ് നം. DWCD/464/2022-ICDSA6 തീയതി: 25/05/2022

അങ്കണവാടികളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന കുമാരിക്ലബ്ബുകൾ പുനരുജ്ജീവിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വനിതാശിശുവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന 33,115 അങ്കണവാടികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അഡോളസെന്റ് ക്ലബ്ബുകളിൽ , മികച്ച പ്രവർത്തനം കാഴ്ച വയ്ക്കുന്ന വർണക്കൂട്ട് ഉൾപ്പെടുന്ന അങ്കണവാടികളിൽ , സെക്ടർ തലത്തിൽ ഒരെണ്ണം വീതം തെരഞ്ഞെടുത്തു വൈഫൈ കണക്ഷൻ നൽകുന്നതിനു പരാമർശ പ്രകാരം ഭരണാനുമതിയും , ഫണ്ടും ലഭ്യമായിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എല്ലാ ജില്ലകളിലെയും സെക്ടർ തലത്തിൽ ഒരു അങ്കണവാടി വീതം തെരഞ്ഞെടുത്ത്, സംസ്ഥാന തലത്തിൽ ആകെ 1230 അങ്കണ വാടികൾക്ക് വൈഫൈ കണക്ഷൻ അനുവദിക്കുന്നതിനായി ജില്ല വനിതാ ശിശുവികസന ഓഫീസർമാർക്ക് ചുവടെ ചേർക്കുന്ന രീതിയിൽ തുക അനുവദിച്ച് ഉത്തരവാകുന്നു

| ക്രമ നം. | ജില്ല | പ്രോജക്ടുകളുടെ എണ്ണം | സെക്ടറുകളുടെ എണ്ണം | ഒരു അങ്കണവാടിയ്ക്ക് അനുവദിക്കുന്ന തുക (Rs) | ജില്ലയ്ക്ക് ആകെ അനുവദിക്കുന്ന തുക (Rs) |
|---|---|---|---|---|---|
| 1 | തിരുവനന്തപുരം | 24 | 108 | 2500 | 2,70,000/- |
| 2 | കൊല്ലം | 21 | 98 | 2500 | 2,45,000/- |
| 3 | പത്തനംതിട്ട | 12 | 58 | 2500 | 1,45,000/- |
| 4 | ആലപ്പുഴ | 15 | 87 | 2500 | 2,17,500/- |
| 5 | കോട്ടയം | 15 | 85 | 2500 | 2,12,500/- |
| 6 | ഇടുക്കി | 13 | 55 | 2500 | 1,37,500/- |
| 7 | എറണാകുളം | 23 | 110 | 2500 | 2,75,000 /- |
| 8 | തൃശ്ശൂർ | 23 | 111 | 2500 | 2,77,500/- |
| 9 | പാലക്കാട് | 21 | 109 | 2500 | 2,72,500/- |
| 10 | മലപ്പുറം | 29 | 135 | 2500 | 3,37,500/- |
| 11 | കോഴിക്കോട് | 21 | 105 | 2500 | 2,62,500/- |

| | | | | | |
|---|---|---|---|---|---|
| 12 | വയനാട് | 8 | 27 | 2500 | 67,500/- |
| 13 | കണ്ണൂർ | 21 | 100 | 2500 | 2,50,000/- |
| 14 | കാസർഗോഡ് | 12 | 42 | 2500 | 1,05,000/- |
| | ആകെ | **258** | **1230** | | **30,75,000/-** |

(മുപ്പതു ലക്ഷത്തി എഴുപത്തി അയ്യായിരം രൂപാ മാത്രം )

ജില്ലാ വനിതാ ശിശു വികസന ഓഫീസർമാർ ടി തുക ഓരോ ICDS പ്രോജക്ടുകളിലെയും അങ്കണവാടികളുടെ എണ്ണത്തിന് ആനുപാതികമായി ശിശുവികസന പദ്ധതി ഓഫീസർമാർക്ക് ഉത്തരവ് സഹിതം കൈമാറേണ്ടതാണ്. ശിശുവികസന പദ്ധതി ഓഫീസർമാർ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗനിർദേശങ്ങളും, BSNL ലഭ്യമാക്കിയിട്ടുള്ള സ്പെസിഫിക്കേഷൻസും പാലിച്ച നടപടിക്രമങ്ങൾ പൂർത്തിയാക്കേണ്ടതും, ആയതു പ്രകാരം തുക ചെലവഴിക്കേണ്ടതുമാണ്. ടി പദ്ധതിയുടെ മേൽനോട്ടം വഹിക്കുന്നതിനു പ്രോഗ്രാം ഓഫിസർമാരെ ചുമതലപ്പെടുത്തുന്നു .

ഇതിനാവശ്യമായ ചെലവു നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-56(P) എന്ന ശീർഷകത്തിൽ നിന്നും വഹിക്കേണ്ടതാണ്. തുക ചെലവഴിച്ചത് സംബന്ധിച്ച ധനവിനിയോഗ സക്ഷ്യപ്പത്രം CDPO മാർ പ്രോഗ്രാം ഓഫീസർമാർക്ക് നൽകേണ്ടതും, പ്രോഗ്രാം ഓഫീസർമാർ ആയതു ക്രോഡീകരിച്ച സമയബന്ധിതമായി ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതുമാണ്.

(ഒപ്പ്)

**വനിതാ ശിശു വികസന ഡയറക്ടർ**

എല്ലാ ജില്ലാ വനിതാ ശിശു വികസന ഓഫിസർമാർക്കും.

പകർപ്പ് :

1. എല്ലാ പ്രോഗ്രാം ഓഫിസർമാർക്കും
2. എല്ലാ ശിശു വികസന പദ്ധതി ഓഫിസർമാർക്കും
3. സൂപ്രണ്ട്, അക്കൗണ്ട് സെക്ഷൻ & ബിൽ സെക്ഷൻ
4. സൂപ്രണ്ട്, IT സെൽ ( വെബ് സൈറ്റ് പ്രസിദ്ധീകരണത്തിനു)
5. സ്റ്റോക്ക് ഫയൽ / സ്പെയർ

Signature Not Verified

Digitally signed by Priyanka G
Date: 2022.05.26 13:34:47 IST
Reason: Approved

**അങ്കണവാടികളെ തിരഞ്ഞെടുത്ത വൈഫൈ കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ**

1. വർണ്ണക്കൂട്ടിലെ കുട്ടികളുടെ പഠന മികവ് ഉയർത്തുക , പഠന വിഷയങ്ങളിൽ കൂടുതൽ അറിവ് നേടുന്നതിനു സഹായിക്കുക , പൊതുപരീക്ഷകളിൽ മികവു വർധിപ്പിക്കുക, കലാപരമായ പഠനേതര വിഷയങ്ങളിൽ പ്രാവീണ്യം നേടാൻ സഹായിക്കുക മുതലായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ട് നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഒരു ജില്ലയിലെ ഓരോ സെക്ടറിലെയും ഒരു വർണ്ണക്കൂട്ടിനെ വൈഫൈ കണക്ഷൻ നൽകുന്നതിനായി തെരഞ്ഞെടുക്കേണ്ടതാണ് . തിരഞ്ഞെടുത്ത അങ്കണവാടിയ്ക്ക് BSNL വൈഫൈ റൗട്ടർ (Single Band/Dual Band) വാങ്ങുന്നതിനായി ഒരു അങ്കണവാടിക്ക് 2500/- രൂപ വകുപ്പിൽ നിന്നും ലഭ്യമാക്കുന്നതാണ്.
2. വർണ്ണക്കൂട്ടുകൾ തെരഞ്ഞെടുക്കുമ്പോൾ അങ്കണവാടിയുടെ 100 മീറ്റർ ചുറ്റളവിൽ എവിടെയെങ്കിലും BSNL ഒപ്റ്റിക്കൽ നെറ്റ് വർക്ക് ലഭ്യമാണെങ്കിൽ അങ്ങനെയുള്ള അങ്കണവാടികൾക്ക് മുൻതൂക്കം നൽകി തെരഞ്ഞെടുക്കാവുന്നതാണ്.
3. അങ്കണവാടിയുടെ 100 മീറ്റർ ചുറ്റളവിൽ എവിടെയെങ്കിലും BSNL ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് ഇല്ലാത്ത പക്ഷം അങ്കണവാടികളിൽ ഈ സൗകര്യം ഏർപ്പെടുത്തുന്നതിന് അധിക തുക ആകുന്നതും, ടി അധിക തുക ബന്ധപ്പെട്ട LSGD യുടെ വാർഷിക പ്രോജക്റ്റിൽ വകയിരുത്തേണ്ടതുമാണ് .
4. വൈഫൈ റൗട്ടർ വാങ്ങിയ ശേഷം ഇന്റർനെറ്റ് സൗകര്യം ലഭ്യമാക്കേണ്ടതുണ്ട്. Single Band വൈഫൈ റൗട്ടർ ന്റെ പരമാവധി bandwidth speed 100 Mbps ആണ്. എന്നാൽ Dual Band ന്റെ വൈഫൈ റൗട്ടർ നു 100 mbps ലും കൂടുതൽ സ്പീഡിൽ ഡേറ്റ ട്രാൻസ്ഫർ ചെയ്യാൻ കഴിയും. 100 Mbps, 200 Mbps, 300 Mbps, എന്നീ bandwidth speed കളിൽ BSNL ഇന്റർനെറ്റ് സൗകര്യം ലഭ്യമാണ്. ഇവയുടെ മാസവാടക (പ്ലാൻ ചാർജ്ജ്) നിലവിൽ യഥാക്രമം 799+tax, 1227+tax, 1499+tax എന്നിങ്ങനെ ആണ് . Bandwidth speed കൂടുന്നതിനനുസരിച്ച് wifi connect ചെയ്തിരിക്കുന്ന ഉപകരണങ്ങളിലും ആനുപാതികമായ speed ലഭിക്കുന്നതാണ്. അനുയോജ്യമായ പ്ലാൻ തിരഞ്ഞെടുക്കാവുന്നതാണ്.
5. വൈഫൈ റൗട്ടർ, ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് എന്നിവക്കായി അധിക തുക ആവശ്യമെങ്കിൽ ആയതും, മാസംതോറുമുള്ള പ്ലാൻ ചാർജസ് നൽകുന്നതിനും ആവശ്യമായ പദ്ധതി ബന്ധപ്പെട്ട LSGD യുടെ വാർഷിക പദ്ധതി യിൽ CDPO/supervisors ഉൾപ്പെടുത്തേണ്ടതാണ്.
6. അങ്കണവാടികൾ തെരഞ്ഞെടുക്കുമ്പോൾ ട്രൈബൽ ഏരിയ, കോസ്റ്റൽ ഏരിയ, സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുടുംബങ്ങൾ ഉൾപ്പെടുന്ന കോളനികൾ എന്നിവയ്ക്ക് മുൻഗണന നൽകേണ്ടതാണ്.
7. വൈഫൈ കണക്ഷനുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി അടുത്തുള്ള BSNL ഓഫീസിലെ ഉദ്യോഗസ്ഥരെ സമീപിക്കേണ്ടതാണ്.
8. ബന്ധപ്പെട്ട സൂപ്പർവൈസർമാർ മേൽനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ ജൂൺ 10 നകം അങ്കണവാടികൾ തെരഞ്ഞെടുത്തു വിവരങ്ങൾ സിഡിപിഒ മാർക്ക് കൈമാറേണ്ടതാണ്.
9. ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന സ്പെസിഫിക്കേഷൻ (Single Band, Dual Band) പ്രകാരമുള്ള വൈഫൈ റൗട്ടർ BSNL ഓഫീസുമായി ബന്ധപ്പെട്ട് വാങ്ങുന്നതിനുള്ള നടപടികൾ ജൂൺ 15 നകം അതാതു സിഡിപിഒമാർ സ്വീകരിക്കേണ്ടതാണ്.
10. തെരഞ്ഞെടുത്ത അങ്കണവാടികളുടെ ലിസ്റ്റ് CDPO മാർ ബന്ധപ്പെട്ട പ്രോഗ്രാം ഓഫീസർക്കു സമയബന്ധിതമായി സമർപ്പിക്കേണ്ടതും , പ്രോഗ്രാം ഓഫീസർ

കൃത്യമായി മോണിട്ടർ ചെയ്ത ,പദ്ധതി നടപ്പിലാക്കുന്നതിനു ആവശ്യമായ ഇടപെടലുകൾ നടത്തി ജൂൺ 25 നകം റിപ്പോർട്ട് ഡയറക്ടറേറ്റിൽ നൽകേണ്ടതുമാണ് .

Signature valid

Digitally signed by Priyanka G
Date: 2022.05.26 13:35:12 IST
Reason: Approved

Optical Network Terminal Unit (ONT) with SINGLE BAND WiFi

| Details | Specifications |
|---|---|
| ONT Type | GPON ONT (1 GE/1 FE/ 1 POTS) with Single band and Wi-Fi |
| LAN interface | 1x10/100/1000Mbps + 1x10/100 auto adaptive Ethernet interfaces, RJ45 connectors |
| WLAN | IEEE802.11b/g/n, 300Mbps, 2T2R two internal antenna Throughput > 140Mbps at 40MHz bandwidth single antenna |
| DC power supply | +12V,1A, external AC-DC power adaptor |
| Ipv4/IPv6 | Supports IPv4 and IPv6 dual stack. |
| POTS Port | 1 FXS, RJ11 connectors (Phone Connector) |
| WAN Features | Support IPV6 PPPoE , DHCP and Static IP configuration for WAN Interface |
| Security Features | Support IP, MAC filtering, Firewall Functionality in routed mode |

Popular Makes: Netlink / Syrotech/ Scopus / Genexis.

Price range: Rs 2500 to Rs 3000 per unit.

**Note :** The specification / make / price shown are indicative, for more details please refer to the web site of respective device manufactures.

:

07/03/2022

डॉ. वि.जी.साबु / Dr.V.G.SABU
सहायक महाप्रबंधक (ई बी, सी आर एम & एफ टी टी एच)
Asst.General Manager (EB, CRM & FTTH)
प्रधान महाप्रबंधक का कार्यालय
Office of the Principal General Manager
बी एस एन एल भवन, उप्पलम रोड,स्टाच्यू
BSNL Bhavan , Uppalam Road, Statue
तिरुवनंतपुरम / Thiruvananthapuram-695001.